ഒന്നാംഗ്രേഡ് പ്രൊഫസറന്മാർ.

143 MR. PANDAVATHU SANKARA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ സർവകലാശാലയിലെ ഹിന്ദി, സംസ്കൃതം, മലയാളം എന്നീ ഡിപ്പാർട്ടുമെന്റുകളിൽ മാത്രം ഒന്നാംഗ്രേഡ് പ്രൊഫസറന്മാരെ നിയമിക്കാതെയിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

HON'BLE MR. N. KUNJURAMAN : (എ) ഇതിനുള്ള കാരണങ്ങൾ ചരിത്രപരങ്ങളാണ്. കാലേജുകൾ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ വരുന്നതിനു മുമ്പ് മലയാളം, സംസ്കൃതം, ഈ ഭാഷകളിൽ ലക്ചറന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഫിഫ്ത്ത്-ൽ യൂണിവേഴ്സിറ്റി ശമ്പളപരിഷ്ക്കാരം നടപ്പാക്കിയപ്പോൾ അവരുടെ ശമ്പളം രണ്ടാംഗ്രേഡ് പ്രൊഫസറന്മാരുടെ ശമ്പളത്തിനു തുല്യമാക്കി. ഫിഫ്ത്ത് വൃ അക്കോബറിലെ സിൻഡിക്കേറ്റ് യോഗത്തിൽ ഇവരുടെ ശമ്പളം ഒന്നാംഗ്രേഡ പ്രൊഫസറന്മാരുടെ ശമ്പളത്തിനു തുല്യമാക്കണമെന്നുള്ള പ്രശ്നം ആലോചനാവിഷയമാകയും തൽക്കാലം അവശ്യമില്ലെന്നു തീരുമാനിക്കുകയും ചെയ്തു.

ഹിന്ദിയെക്കുറിച്ചുവിഷയമായി എടുത്തു് ബി. എ.ക്കോ അതിനു മുകളിലോ ചേരുന്നതിനുള്ള വ്യവസ്ഥകൾ യൂണിവേഴ്സിറ്റിയിൽ ഇല്ലാ. അതിനാൽ ഹിന്ദിലക്ചറന്മാരുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ലാ.

Relief Works.

144. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Hon'ble Minister for Labour be pleased to state:

(*a*) whether they are aware of the fact that the vast majority of the people of the Pakuthies of Kottuvally and Varapuzha are highly poor and that they are having no work at all; and

(*b*) if so, will they be pleased to give them work by starting immediately relief works such as deepening the Pattinithodu, gravelling of the Kottuvelly-Cheriappilly road and the construction of a bridge either at Cheriappilly and Kottuvelly in the Parur taluk?

HON'BLE MR. N. KUNJURAMAN: (*a*) Yes—to a certain extent.

(*b*) The necessary relief measures are already under consideration of Government.

LIBRARY ARCHIVES Kerala Legislative Assembly